നം.എസ്.എസ്(1)/19-08/2018/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി: 19.08.2018.

## സർക്കുലർ

**വിഷയം: കാലവർഷക്കെടുതി - വിവരശേഖരണവും നടപടികളും.**

1. മഴയിലും വെള്ളപ്പൊക്കത്തിലും സ്കൂൾ പാഠപുസ്തകങ്ങൾ നഷ്ടപ്പെട്ടതു സംബന്ധിച്ച വിവരം ആഗസ്റ്റ് 31 നകം വിദ്യാർത്ഥികൾ സ്കൂളുകളിൽ അറിയിക്കേണ്ടതാണ്. വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രസ്തുത വിവരം ശേഖരിച്ച് സെപ്റ്റംബർ ഒന്നിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകേണ്ടതാണ്. സെപ്റ്റംബർ ആദ്യം നിലവിലുള്ള അധിക നീക്കിയിരിപ്പിൽ (Buffer Stock) ലഭ്യമായ പുസ്തകങ്ങൾ വിതരണത്തിന് ലഭ്യമാക്കേണ്ടതാണ്. ആവശ്യമായ അധിക പുസ്തകങ്ങൾ അച്ചടിച്ച് സെപ്റ്റംബർ ആദ്യവാരത്തിൽതന്നെ വിതരണം ചെയ്യാൻ ടെക്സ്റ്റ് ബുക്ക് ഓഫീസർ നടപടി സ്വീകരിക്കേണ്ടതാണ്.
2. യൂണിഫോം നഷ്ടപ്പെട്ട കുട്ടികൾ പ്രസ്തുത വിവരം ആഗസ്റ്റ് 31 നു മുമ്പ് സ്കൂളിൽ അറിയിക്കേണ്ടതും, ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന സെപ്റ്റംബർ മൂന്നിന് വൈകിട്ട് 5 മണിക്കുമുമ്പായി പൊതു വിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കേണ്ടതുമാണ്.
3. വിദ്യാഭ്യാസ വകുപ്പ് വിതരണം ചെയ്യുന്ന വിവിധ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടവർ സെപ്റ്റംബർ 3 നു മുമ്പായി ബന്ധപ്പെട്ട സ്കൂളിൽ വിവരങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഈ വിവരങ്ങൾ ശേഖരിച്ച് സെപ്റ്റംബർ 5 ന് പരീക്ഷാ ഭവനിൽ/പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലഭ്യമാക്കണം. പരീക്ഷാ ഭവനിലും ഡിപിഐ ഓഫീസിലുംഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് പ്രത്യേക സെൽ രൂപീകരിക്കുന്നതാണ്.
4. ഓണാവധി കഴിഞ്ഞ് സ്കൂൾ തുറക്കുന്നതിനുമുമ്പായി അതത് സ്കൂളിലെ അധ്യാപകർ/ പൂർവ്വവിദ്യാർത്ഥികൾ/ അധ്യാപക-രക്ഷാകർത്തൃ സമിതി പ്രവർത്തകർ തുടങ്ങിയവർ സ്വമനസ്സാലെ മുന്നിട്ടിറങ്ങി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ പഠനപ്രവർത്തനങ്ങൾക്കുവേണ്ടി സ്കൂളുകൾ ഒരുക്കേണ്ടതാണ്. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഇതിനുവേണ്ട നേതൃത്വം നൽകേണ്ടതാണ്.

5. അപകടാവസ്ഥയിലുള്ള സ്കൂൾ കെട്ടിടങ്ങളുടെ വിവരങ്ങൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന ജില്ലാ കളക്ടർമാർക്കും പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിനും കൈമാറേണ്ടതും ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിന് കൂട്ടായ ശ്രമങ്ങൾ നടത്തേണ്ടതുമാണ് (ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും, പി.റ്റി.എ സമിതികളും ഈ പ്രവർത്തനങ്ങൾക്ക് ഒത്തു ചേർന്ന് പ്രവർത്തിക്കേണ്ടതാണ്)
6. സ്കൂൾതലത്തിൽ ഉണ്ടായ നഷ്ടങ്ങൾ വിലയിരുത്തി സെപ്റ്റംബർ 5 നുമുമ്പായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖാന്തരം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
7. 29/08/2018 ന് സ്കൂൾ തുറക്കുന്നതിനുമുമ്പായി സ്കൂൾ ഉച്ചഭക്ഷണത്തിന് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ ലഭ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

പൊതു വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.

എല്ലാ ജില്ലാ /ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.